# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 2206 — 06.10.2016 ൽ മറുപടിയ്ക്ക്

## പുത്തൂർമഠം എ. എം. യു. പി. സ്കൂളിലെ ശ്രീ. വിപിൻ വി. കെ. യുടെ നിയമനം.

**ചോദ്യം** — **ശ്രീ. പി. ടി. എ. റഹീം.**

**ഉത്തരം** — **പ്രൊഫ. സി. രവീന്ദ്രനാഥ്, ബഹു. വിദ്യാഭ്യാസ വകുപ്പ് മന്ത്രി**

| ചോദ്യം | ഉത്തരം |
|---|---|
| (എ) കോഴിക്കോട് റൂറൽ ഉപജില്ലയിലെ പുത്തൂർമഠം എ. എം. യു. പി. സ്കൂളിൽ 01-06-2009 മുതൽ തുടർച്ചയായി ജോലി ചെയ്തുവരുന്ന ശ്രീ. വിപിൻ വി. കെ. എന്നയാളുടെ നിയമനം ഇതുവരെയും അംഗീകരിക്കപ്പെട്ടിട്ടില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) ഉണ്ട്. |
| (ബി) 01-06-2011 മുതൽ താൽക്കാലികമായി ശമ്പളം ലഭിക്കുന്നതിന് നിലവിലുണ്ടായിരുന്ന ലീവ് വേക്കൻസിയിലേക്ക് മാറ്റി നിയമിക്കപ്പെട്ടതിന്റെ പേരിൽ അദ്ധ്യാപക പാക്കേജിലും ടിയാൻ ഉൾപ്പെട്ടിരുന്നില്ല എന്നത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ ; | (ബി) ഉണ്ട്. |
| (സി) പൊതുവിദ്യാഭ്യാസ വകുപ്പിന്റെ 9487/എൽ1/2014 നമ്പർ ഫയലിൽ ടിയാന്റെ നിയമനം അംഗീകരിക്കുന്നതിന് അനുകൂലമായി വകുപ്പ് മന്ത്രി ശിപാർശ നൽകിയിട്ടുണ്ടോ ; എങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ;<br>(ഡി) 2009-10 വർഷം മുതൽ തുടർച്ചയായി അതാതു സമയത്തെ സർക്കാർ ഉത്തരവുകൾ പ്രകാരം കുട്ടികളും തസ്തികയും | സിയും ഡിയും ശ്രീ. വിപിൻ. വി. കെ അദ്ധ്യാപക പാക്കേജിൽ ഉൾപ്പെടാൻ എല്ലാംകൊണ്ടും അർഹനാണെന്നും, ടിയാൻ 06/09 മുതൽ 05/2011 വരെ തുടർന്ന അധിക തസ്തിക നിലവിലുണ്ടെന്നു കാണുന്നതിനാൽ ടിയാനെ പാക്കേജിൽ ഉൾപ്പെടുത്താനാവശ്യമായ നടപടി സ്വീകരിക്കുക എന്ന് മുൻ വിദ്യാഭ്യാസ വകുപ്പ് മന്ത്രി പ്രസ്തുതഫയലിൽ ഉത്തരവായിരുന്നു. എന്നാൽ അദ്ധ്യാപക പാക്കേജും |

ലഭ്യമാവുകയും 2015 മാർച്ച് 31 മുതൽ ഒരു വിരമിക്കൽ ഒഴിവ് ഉണ്ടാവുകയും ചെയ്തിട്ടും പ്രസ്തുത അദ്ധ്യാപകന്റെ നിയമനം അംഗീകരിക്കപ്പെടാത്തതിന് കാരണമെന്തെന്ന് അറിയിക്കുമോ ; പ്രസ്തുത നിയമനം അംഗീകരിക്കാൻ അടിയന്തിര നടപടി സ്വീകരിക്കുമോ ?

അദ്ധ്യാപക ബാങ്കും കോടതി റദ്ദ് ചെയ്ത സാഹചര്യത്തിൽ, അദ്ധ്യാപക പാക്കേജുമായി ബന്ധപ്പെട്ട് സർക്കാർ ഫയൽ ചെയ്യുവാനുദ്ദേശിക്കുന്ന അപ്പീലിൽ ഉത്തരവാകുന്ന മുറയ്ക്ക് ഇക്കാര്യത്തിൽ അനന്തര നടപടി സ്വീകരിക്കാം എന്ന് തീരുമാനിച്ചിരുന്നു. അതിനുശേഷം പുറപ്പെടുവിച്ച 29-01-2016-ലെ സർക്കാർ ഉത്തരവ് (പി) 29/16/പൊ.വി.വ നമ്പർ ഉത്തരവിലെ വ്യവസ്ഥകൾ പ്രകാരം പരിശോധിച്ച് നടപടി സ്വീകരിക്കുവാൻ സർക്കാർ പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് നിർദ്ദേശം നൽകിയിരുന്നു. എന്നാൽ പുത്തൂർമഠം എ. എം. യു. പി എസ്സിൽ 01-06-2009 മുതൽ അധിക തസ്തികയിലെ നിയമനം തുടർച്ചയായി അംഗീകരിക്കു വാൻ നിലവിൽ സർക്കാർ ഉത്തരവില്ലാത്തതിനാൽ പൊതു വിദ്യാഭ്യാസ ഡയറക്ടർ പ്രസ്തുത നിയമനം നിരസിക്കുകയും ചെയ്തിട്ടുണ്ട്.

സെക്ഷൻ ഓഫീസർ.